# കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇൻഡ്യൻ കമ്പനി നിയമപ്രകാരം അംഗമാക്കപ്പെട്ടത്)

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം — 695 004.

## സംഗ്രഹം

16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് സർക്കാർ വകുപ്പുകളിലും പൊതുമേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/സ്ഥിര നിയമനം നൽകുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

**ബോ. ഉ. (സി. എം. ഡി) നം. 1799/2014 (പി. എസ്. 1/4461/2013) തിരുവനന്തപുരം, തീയതി 30.06.2014**

പരാമർശം:-
1. സ. ഉ. (പി) നമ്പർ 40/13/സാ.നീതി. വ. തിരുവനന്തപുരം, 18.05.2013.
2. സ. ഉ. (പി) നമ്പർ 63/13/സാ.നീതി. വ. തിരുവനന്തപുരം, 07.08.2013.
3. സ. ഉ. (പി) നമ്പർ 80/13/സാ.നീതി. വ. തിരുവനന്തപുരം, 07.10.2013.
4. സ. ഉ. (പി) നമ്പർ 96/13/സാ.നീതി. വ. തിരുവനന്തപുരം, 08.11.2013.
5. സ. ഉ. (പി) നമ്പർ 03/14/സാ.നീതി. വ. തിരുവനന്തപുരം, 17.01.2014.
6. സ. ഉ. (പി) നമ്പർ 05/14/സാ.നീതി. വ. തിരുവനന്തപുരം, 23.01.2014.

## ഉത്തരവ്

16.08.1999-നും 31.12.2003-നും ഇടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, പി.എസ്.സി എന്നിവിടങ്ങളിൽ 179 ദിവസം സേവനം പൂർത്തിയാക്കിയ/ വിടുതൽ ദിവസം അവധിയായ കാരണത്താൽ മാത്രം 179 ദിവസം പൂർത്തിയാക്കുവാൻ സാധിക്കാത്തവർ എന്നീ വിഭാഗത്തിൽപെടുന്ന അംഗപരിമിതർക്ക് പുനർ/സ്ഥിര നിയമനം നൽകുന്നതിനും ആയതിലേക്കായി, ഇവർ സർവീസിൽ നിന്നും വിരമിക്കുമ്പോൾ ഇല്ലാതാകുന്ന തരത്തിൽ, സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സംസ്ഥാന സർക്കാർ മേൽ പരാമർശങ്ങൾ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവുകൾക്ക് അനുബന്ധമായി നിയമനത്തിനർഹരായവരെ ഉൾപ്പെടുത്തിക്കൊണ്ട് ലഭ്യമാക്കിയിട്ടുള്ള പട്ടികകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ കാര്യാലയങ്ങളിൽ വിവിധ തസ്തികകളിലായി ജോലി ചെയ്തിട്ടുള്ള 25 പേർ ഉൾപ്പെട്ടിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവുകളും അവയിലെ മാർഗനിർദ്ദേശങ്ങളും വിശദമായ പരിശോധനകൾക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയവ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ബാധകമാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

www.wordpdf.com

സർക്കാർ ഉത്തരവുകൾക്കനുബന്ധമായ പട്ടികകളിൽ വൈദ്യുതി ബോർഡിന്റെ വിവിധ കാര്യാലയങ്ങളിൽ വിവിധ തസ്തികകളിലായി ജോലി ചെയ്തിരുന്ന മുൻ താല്ക്കാലിക ജീവനക്കാരുടെ വൈകല്യസർട്ടിഫിക്കറ്റ്, റിലീവിംഗ്/ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, സേവന പുസ്തകം ഉടങ്ങിയവ യുടെ അസ്സൽ ലഭ്യമാക്കി, സൂചന (1) മുതൽ (6) വരെയുള്ള സർക്കാർ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ വിശദമായി പരിശോധിച്ച്, പ്രസ്തുത ഉത്തരവുകൾ പ്രകാരം യോഗ്യത യുള്ളതായി ബോധ്യപ്പെടുന്ന അംഗപരിമിതർക്ക് അവർ സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ഇല്ലാതാകുന്ന തരത്തിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട്, പുനർ/സ്ഥിര നിയമനം നൽകുന്നതിനുവേണ്ട നടപടിക്രമം അടിയന്തിരമായി പൂർത്തീകരിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകുന്നതിന് ബോർഡിലെ നിയമനാധികാരിയായ മാനവ വിഭവ ശേഷി നിർവഹണം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം

എം. ഷാഹുൽ ഹമീദ്
സെക്രട്ടറി (ഭരണം)

പകർപ്പ്:

എല്ലാ ചീഫ് എഞ്ചിനീയർമാർ/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ/പബ്ലിക് റിലേഷൻസ് ഓഫീസർ
ടി. എ. ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി. എ. ടു ഡയറക്ടർ (ഡി & ജി. ഇ)/ഡയറക്ടർ (റ്റി & എസ്. ഒ)/ഡയറക്ടർ (ജി. സി)
പി. എ. ടു ഡയറക്ടർ (ഫിനാൻസ്)
സി. എ. ടു സെക്രട്ടറി (ഭരണം)
റിക്കോർഡ് സെക്ഷൻ/ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

[signature]

സീനിയർ സൂപ്രണ്ട്

www.oxpdf.com